# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുടയത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-917/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 17/10/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുടയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-917/2023 തീയ്യതി: 17/10/2023

## ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2022 മുതൽ 09-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 11-07-2023 | 15-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-07-2023 | 15-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.യു സണ്ണി ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ് എം. എസ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉഷ വിജയൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.കെ.ജെ.കൃഷ്ണകുമാർ | സെക്രട്ടറി | 01-04-2022 | 06-04-2022 |
| പി.ജി.ഉണ്ണിക്കൃഷ്ണ പിള്ള | സെക്രട്ടറി | 07-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീകുമാർ ജി | അസി.എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| ശില്പ വി.എസ് | അസി.എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ആഷ്ലി മറിയാമ്മ ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2022 | 08-07-2022 |
| റിയ ആന്റണി | കൃഷി ഓഫീസർ | 09-07-2022 | 31-03-2023 |
| ഡോ.ആൽബർട്ട് ജെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 06-12-2022 |
| ഡോ.ബോധി .കെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 07-12-2022 | 31-03-2023 |
| ഡോ.ജിൽസൻ വി.ജോർജ്ജ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 04-06-2022 |
| ജോതിലക്ഷ്മി കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 05-06-2022 | 31-03-2023 |
| മുരളീകൃഷ്ണ പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഉഷ എൻ.ആർ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| സനിത് കുമാർ എൻ.റ്റി | ഫിഷറി എക്സ്റ്ററൻഷൻ ഓഫീസർ | 01-04-2022 | 06-01-2023 |
| കണ്ണൻ പി | ഫിഷറി എക്സ്റ്ററൻഷൻ ഓഫീസർ | 07-01-2023 | 31-03-2023 |
| മരിയ ജോർജ്ജ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| സുധീഷ് എം.പി | ഡയറി എക്റ്ററൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| രേഖാമോൾ | വി.ഇ.ഒ, കുടയത്തൂർ സർക്കിൾ | 01-04-2022 | 04-04-2022 |
| പ്രകാശ് റ്റി. | വി.ഇ.ഒ, കാഞ്ഞാർ സർക്കിൾ | 05-04-2022 | 16-07-2022 |
| അമല മാത്യു | വി.ഇ.ഒ, കാഞ്ഞാർ സർക്കിൾ | 17-07-2022 | 04-01-2023 |
| മാർട്ടിൻ ജോസഫ് | വി.ഇ.ഒ, കുടയത്തൂർ സർക്കിൾ | 05-01-2023 | 16-03-2023 |
| കേരളകുമാർ എം. ആർ | വി.ഇ.ഒ, കാഞ്ഞാർ സർക്കിൾ | 17-03-2023 | 31-03-2023 |

-----

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളും അതത് ഡിമാൻഡ് രജിസ്റ്ററുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ജേർണൽ വൗച്ചറുകൾ - അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ഗ്രാന്റ് വിനിയോഗം | 1-3 |
| 9 | മെയിന്റനൻസ് ഫണ്ട് ചെലവ് - നിശ്ചിത ശതമാനം കൈവരിക്കാത്തതിനാൽ നഷ്ടം | 1-3-1 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി - പദ്ധതി തുക ലാപ്സായി | 1-4-1 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 13 | ക്ഷേമ പദ്ധതികൾ | 1-6 |
| 14 | ക്യാഷ് പരിശോധന | 1-7 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 16 | തനത് ഫണ്ട് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 17 | റവന്യൂ വിഭവ സമാഹരണം - അവലോകനം | 1-10 |
| 18 | ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ | 1-11 |
| 19 | വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ വെള്ളക്കരം ഡിമാന്റിൽ കുറവ് ചെയ്യാതെ തുടർന്നും കുടിശ്ശികയായി ഉൾപ്പെടുത്തുന്നു | 1-12 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-13 |
| 21 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അധിക സബ്സിഡി അനുവദിച്ചത് നിരാകരിക്കുന്നു - ₹4,885/- | 1-14 |
| 22 | പ്രോജക്ട് നം.62/2023 - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 1-15 |
| 23 | ആരോഗ്യ സ്ഥാപനങ്ങൾക്ക് രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ - കുടുംബാരോഗ്യ കേന്ദ്രം ലാബിലേയ്ക്ക് റഫ്രിജറേറ്റർ വാങ്ങൽ - നടപടി ക്രമം പാലിച്ചില്ല | 1-16 |
| 24 | പാലിയേറ്റിവ് കെയർ- ക്വട്ടേഷൻ വഴി വാഹനം തെരഞ്ഞെടുത്തു - വിശദാംശം ലഭ്യമല്ല | 1-17 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അധികമായി അനുവദിച്ച ധനസഹായം നിരാകരിക്കുന്നു - ₹4,885/- | 3-1 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1. & 11.3, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2023ലെ 1(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കുടയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| 17.10.2023 | ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി |

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ

താരതമ്യ തുകകൾ, എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല

26/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

### 1-1-3 വാർഷിക കണക്കുകളിലെ തുകകളും അതത് ഡിമാൻഡ് രജിസ്റ്ററുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1) ഗവ. ഡ്യൂസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഗ്രാന്റ് എ.സി.ആർ. എന്നീ രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

2) പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തി വിശദാംശങ്ങൾ ചേർക്കുന്നില്ല. ആയതിനാൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

### 1-1-5 ജേർണൽ വൗച്ചറുകൾ - അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

ജേർണൽ ബുക്കിലെ ഓരോ ജേണൽ എൻട്രികളെയും സാധൂകരിക്കുന്ന വൗച്ചറുകൾ/വർക്ക് ഷീറ്റുകൾ സെക്രട്ടറി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ 1-18, 1-19 ഷെഡ്യൂളുകളിലെ Prior Period Income/Expenditure വിശദാംശങ്ങളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച തീയതി/തീരുമാനം | 23.03.2022/1 |
| ബജറ്റ് അവതരിപ്പിച്ച തീയതി | |
| ബജറ്റ് ഭരണസമിതി അംഗീകരിച്ച തീയതി/തീരുമാനം നമ്പർ | 24.03.2022/01 |
| ബജറ്റ് പുതുക്കിയ തിയതി/കമ്മിറ്റി തീരുമാനം നമ്പർ | 04.03.2023/2 |

| ഇനം | ബജറ്റ് പ്രകാരം (പുതുക്കിയത്) ₹ |
|---|---|
| മുന്നിരിപ്പ് | 2165109 |
| വരവ് | 89739000 |
| ആകെ | 91904109 |
| ചെലവ് | 90456000 |
| നീക്കിയിരിപ്പ് | 1448109 |

ഗ്രാമ പഞ്ചായത്ത് പാസ്സാക്കുന്ന ബജറ്റും ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം ഉണ്ട്. മുൻവർഷങ്ങളിലും ഈ വിഷയം ഓഡിറ്റിൽ സൂചിപ്പിച്ചിരുന്നതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വളരെ കുറവുള്ള സാഹചര്യത്തിൽ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാത്തതിനാൽ ബജറ്റ് പ്രകാരം വിഭാവനം ചെയ്യുന്ന പദ്ധതികൾ യഥാവിധി നിർവ്വഹണം നടത്തുവാൻ കഴിയാതെ വരുന്നുണ്ട്. കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10897000 | 10897000 | 9992840 | - |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 1901000 | 1901000 | 1819502 | - |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1161000 | 1161000 | 1065413 | - |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11170000 | 11170000 | 3533406 | - |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 4570000 | 4570000 | 3395172 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 1449381 | 4010078 | 5459459 | 1111327 | 4348132 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied | 1270368 | 1799949 | 3070317 | 1925452 | 1144865 |
| സാക്ഷരത | 3612 | 103 | 3715 | 26 | 3689 |
| ദുരിതാശ്വാസനിധി | 12182 | 460 | 12642 | 2000 | 10642 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ്. | 222854 | 572114 | 794968 | 313723 | 481245 |
| 320400199 ആയുഷ് | 0 | 450000 | 450000 | 0 | 450000 |
| ശുചിത്വ മിഷൻ | 24419 | 0 | 24419 | 0 | 24419 |
| ജലനിധി | 4147 | 84 | 4231 | 0 | 4231 |
| ഹരിയാലി | 21663 | 139 | 21802 | 0 | 21802 |
| സമ്പൂർണ്ണ ശുചിത്വം | 388173 | 0 | 388173 | 0 | 388173 |
| പകർച്ചവ്യാധി നിവാരണ ഫണ്ട് | 271860 | 0 | 271860 | 0 | 271860 |
| സമ്പൂർണ്ണ ശുചിത്വം | 10371 | 0 | 10371 | 0 | 10371 |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി | 0 | 209378 | 209378 | 129700 | 79678 |
| ഹെൽത്ത് ഗ്രാന്റ് – സബ്സെന്റർ | 0 | 81122 | 81122 | 0 | 81122 |
| എൻ.എച്ച്.എം | | 2083 | 2083 | 2083 | 0 |
| ഖരമാലിന്യ സംസ്കരണം | 1396318 | 0 | 1396318 | 124200 | 1272118 |
| ഗുണഭോക്തൃവിഹിതം | 302802 | 655365 | 958167 | 640475 | 317692 |
| സംസ്ഥാന സർക്കാർ അവാർഡ് തുക (Best Panchayat Award-district Level) | 1520849 | 0 | 1520849 | 0 | 1520849 |
| സംസ്ഥാന സർക്കാർ മറ്റ് ഗ്രാന്റ് - ആശ്രയ | 1119003 | 0 | 1119003 | 1102755 | 16248 |
| മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം – ലൈഫ് മിഷൻ സംസ്ഥാന വിഹിതം | 477592 | 0 | 477592 | 649 | 476943 |
| മറ്റിനം (വ്യക്തമല്ല) | 652 | 0 | 652 | 0 | 652 |

കുറിപ്പ്

1) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത താഴെ പറയുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ (₹) | അംഗൻവാടി ഹോണറേറിയം (₹) | സ.ഉ(കൈ)നം.179/2022/ധന. ഉത്തരവ് പ്രകാരം കുറവ് വരുത്തുന്ന തുക ₹ |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1675913 | 744600 | 108970 |
| വികസന ഫണ്ട് (SCP) | 257548 | - | - |
| വികസന ഫണ്ട് (TSP) | 216415 | - | - |

### 1-3-1 മെയിന്റനൻസ് ഫണ്ട് ചെലവ് - നിശ്ചിത ശതമാനം കൈവരിക്കാത്തതിനാൽ നഷ്ടം

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80%ൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹56,63,422/- ലാപ്സായി.

| ഇനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4570000 | 3395172 | 1174828 | 74.29 | 914000 | 260828 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 11170000 | 3533406 | 7636594 | 31.63 | 2234000 | 5402594 |
| | | | | | ആകെ | 5663422 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 75291194 | 112 | 26830483 | 0 | 38 | 74.66 |

വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 10-05-2022 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 13-05-2022, 12-05-2022 |
| വികസന സെമിനാർ | 31-05-2022 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 02-07-2022/1(1) |
| സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരം | 06-07-2022/1(1) |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 07-10-2022 |

7.52 കോടി രൂപയുടെ 2022-23 വാർഷിക പദ്ധതിയിൽ 2.68 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 150 പ്രോജക്റ്റുകളിൽ 74.66 ശതമാനം പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 33 | 31 | 7377100 | 6758327 | 2 | 91.61 |
| 2. | അസിസ്റ്റന്റ് എൻജിനീയർ | 57 | 27 | 18661378 | 5396404 | 30 | 28.91 |
| 3. | വെറ്ററിനറി സർജൻ | 8 | 8 | 2849350 | 2465549 | 0 | 86.53 |
| 4. | കൃഷി ഓഫീസർ | 7 | 7 | 874500 | 795981 | 0 | 91.02 |
| 5. | എം.ഒ., പി.എച്ച്.സി | 6 | 5 | 2138161 | 1742217 | 1 | 81.48 |
| 6. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 10 | 3021321 | 2239064 | 2 | 74.10 |
| 7. | വി.ഇ.ഒ | 17 | 15 | 35510384 | 5644957 | 2 | 15.89 |
| 8. | ഫിഷറീസ് ഓഫീസർ | 1 | 1 | 100000 | 99300 | 0 | 99.3 |
| 9. | ഹെഡ്മാസ്റ്റർ | 4 | 3 | 454000 | 356795 | 1 | 78.58 |
| 10. | എം.ഒ., ആയുർവ്വേദം | 4 | 4 | 755000 | 754171 | 0 | 99.89 |
| 11. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3550000 | 577718 | 0 | 16.27 |
| | ആകെ | 150 | 112 | 75291194 | 26830483 | 38 | 35.63 |

ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

ജില്ലാ ആസൂത്രണ സമിതിയുടെ 6/3/2023-ലെ 677/22/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തിയ 150 പ്രോജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 112 പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ

പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹7,52,91,194/-ൽ ₹2,68,30,483/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്.

സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമായ വികസനഫണ്ട് ജനറൽ, എസ്.സി.പി, റ്റി.എസ്.പി വിഭാഗങ്ങളിൽ യഥാക്രമം 91.7%, 95.7%, 91.76% എന്നിങ്ങനെയാണ് ചെലവ് ശതമാനം. മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡ് വിഭാഗങ്ങളിൽ യഥാക്രമം 31.63%, 74.29% മാത്രമാണ് ചെലവ്. റോഡ്, റോഡിതരം ഫണ്ടുകൾ ചെലവഴിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് ഭാവിയിൽ ഷോർട്ട് ഫോൾ സംഭവിക്കുന്നതിന് കാരണമാകുന്നതാണ്. പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ സവിശേഷ ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-4-1 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി - പദ്ധതി തുക ലാപ്സായി

2022-23 വർഷം അംഗീകാരം ലഭിച്ച 57 പൊതുമരാമത്ത് പ്രവൃത്തികളിൽ 27 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ₹1,86,61,378/- വകയിരുത്തിയതിൽ ₹53,96,404/- മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത് (പദ്ധതി അടങ്കലിന്റെ 28.9%). റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതമായി ലഭിച്ച ₹1,11,70,000/-യിൽ ₹35,33,406/- മാത്രം വിനിയോഗിച്ചതിനാൽ ₹76,36,594/- ഷോർട്ട് ഫോൾ സംഭവിച്ച് ലാപ്സായിരിക്കുകയാണ്. പദ്ധതികൾ യഥാസമയം ടെണ്ടർ ചെയ്ത് എഗ്രിമെന്റ് ചമയ്ക്കുന്നതിലുണ്ടായ കാലതാമസമാണ് പദ്ധതി തുക നഷ്ടപ്പെടാനുണ്ടായ പ്രധാന കാരണം. അംഗീകാരം ലഭിച്ച 57 പൊതുമരാമത്ത് പ്രവൃത്തികളിൽ 24 എണ്ണവും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരെ ഏൽപ്പിച്ചിട്ടുള്ളത് 2023 ഫെബ്രുവരി,മാർച്ച് മാസങ്ങളിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ആരംഭ ഘട്ടം മുതൽ പൂർത്തീകരണം വരെ ശരിയായ മോണിട്ടറിംഗ് നടത്തുന്നതിനും പദ്ധതി തുക ലാപ്സാകാതിരിക്കാനും ശ്രദ്ധ ചെലുത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ്, ഭരണ സമിതി എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 852 | 627931 | 628783 | 628562 | 221 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 8714292 | 8714292 | 8714292 | |

### 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 40320 | 26 |
| കർഷക തൊഴിലാളി പെൻഷൻ | 601400 | 50 |
| വിധവ പെൻഷൻ | 3671400 | 345 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 12614800 | 1206 |
| വികലാംഗ പെൻഷൻ | 1352600 | 125 |
| അവിവാഹിതർക്കുള്ള പെൻഷൻ | 341600 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-07-2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5,176/- (അയ്യായിരത്തി ഒരുനൂറ്റി എഴുപത്തിയാറ് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനം - ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാണ്. മെയിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. 01.04.2022 മുതൽ ILGMS സംവിധാനമാണ് പിൻതുടരുന്നത്.

ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെക്രട്ടറി, ഹെഡ്ക്ലർക്ക്, അക്കൗണ്ടന്റ്, ഒരു സീനിയർ ക്ലർക്ക്, ഏഴ് ക്ലർക്ക്, ഒരു ഓഫീസ് അറ്റന്റന്റ്, ഒരു ഡ്രൈവർ, ഒരു പി.റ്റി.എസ് എന്നിങ്ങനെയാണ് സ്റ്റാഫ് വിഭജനം. ഓഫീസ് ഉത്തരവുകൾ പ്രകാരമുള്ള ജോലികൾ കൃത്യമായി മോണിറ്റർ ചെയ്യപ്പെടുന്നില്ല. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം തയ്യാറാക്കുന്ന ബാങ്ക് റിക്കൺസിലിയേഷൻ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - പ്രധാന റവന്യൂ വരുമാനങ്ങളായ വാടക, ലേലം, ലൈസൻസ് എന്നിവയുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

വസ്തുനികുതി - വാർഷിക കണക്ക് പ്രകാരം ഡിമാന്റ് തുക പൂർണ്ണമായി പിരിച്ചതായി കാണുന്നില്ല. ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷ/കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ചെലവുകൾ പ്രസിഡന്റ് കാണുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. ചെലവുകൾക്ക് വൗച്ചർ ജനറേറ്റ് ചെയ്യുന്നതിന് മുമ്പ് അക്കൗണ്ടിൽ നിന്ന് തുക പിൻവലിച്ച് ചെലവ് ചെയ്യുന്നുണ്ട്.

ഡെപ്പോസിറ്റ് രജിസ്ററർ - ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ - കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

നിക്ഷേപ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ചാർജ്ജ്/സർചാർജ്ജ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

1-9 തനത് ഫണ്ട് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിന് ആരംഭിച്ചിട്ടുള്ള എസ്.ബി.ഐ. കടയത്തൂർ ശാഖയിലെ 37466178219 നമ്പർ കറന്റ് അക്കൗണ്ടിന്റെ 06.07.2023 വരെയുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ₹5,32,069/-

നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിൽ നിന്ന് തൻ വർഷം തുകയൊന്നും തന്നെ പിൻവലിച്ച് പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നില്ല. കറന്റ് അക്കൗണ്ടിൽ തുക പിൻവലിക്കാതെ നിലനിർത്തിയിരിക്കുന്നതിനാൽ പലിശ ഇനത്തിൽ ഗണ്യമായ വരുമാനം ഗ്രാമപഞ്ചായത്തിന് ഇതിനോടകം നഷ്ടമായിട്ടുണ്ട്. നീക്കിബാക്കി തുക യഥാസമയം പിൻവലിക്കാതെ നിലനിർത്തിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 9/തീ. 14-07-2023) സമർപ്പിച്ച മറുപടിയിൽ, തുക തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-10 റവന്യൂ വിഭവ സമാഹരണം - അവലോകനം

കുടയത്തൂർ ഗ്രാമ പഞ്ചായത്തിന് വളരെ പരിമിതമായ തനത് വരുമാന സ്രോതസുകൾ മാത്രമാണ് ഉള്ളത്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്ക് പുറമെയുള്ള വരുമാന മാർഗങ്ങൾ. കേവലം 35 ലക്ഷം രൂപയാണ് പൊതു ആവശ്യഗ്രാന്റിന് പുറമെയുള്ള തൻവർഷത്തെ ആകെ തനത് വരുമാനം.

വസ്തു നികുതി

പ്രധാന വരവിനമായ വസ്തു നികുതിയുടെ ബജറ്റ് പ്രതീക്ഷ ₹20,00,000/- ആയിരുന്നെങ്കിലും സഞ്ചയ, ഐ.എൽ.ജി.എം.എസ്. എന്നിവ പ്രകാരം ലഭ്യമായ നികുതി പിരിവ് ₹17,40,308/- മാത്രമാണ്. പിരിവ് കണക്കുകളുമായി ബന്ധപ്പെട്ട് സാങ്കേതിക പിഴവുകളോ ഓൺലൈൻ സംവിധാനത്തിലെ പിഴവുകളോ ഉണ്ടായിട്ടില്ല. എന്നാൽ ഓരോ മാസത്തിന്റെയും അവസാനം ശേഷിക്കുന്ന വസ്തു നികുതിക്ക് ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി രജിസ്റ്ററുകളിലെയും സോഫ്റ്റ് വെയറിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. നിലവിൽ വസ്തു നികുതിയുടെ ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി ലോക്ക് ചെയ്തിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത് പ്രദേശത്തിന്റെ വികസനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവും ഇളവും കൃത്യമാക്കിയിട്ടുണ്ട്.

വസ്തു നികുതി ഇളവ് സംബന്ധിച്ച അപേക്ഷകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. കൂടാതെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്ററോ മറ്റ് രേഖകളോ സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണം നടക്കുന്നതായി കണ്ടെത്തിയ 2 കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറ്റനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ലെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/14-07-2023) മറുപടി ഹാജരാക്കി. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി എല്ലാ കെട്ടിടങ്ങളും അളന്ന് തിട്ടപ്പെടുത്തുന്ന സമയത്ത് അപ്രകാരമുള്ള നിർമ്മാണങ്ങൾക്ക് എതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. വിനോദ സഞ്ചാര സാധ്യതകളുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ധാരാളം നടക്കാൻ സാധ്യതയുള്ള പ്രദേശങ്ങൾ ഉള്ളതിനാൽ അനധികൃത നിർമ്മാണം, ചട്ട വിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നടത്തുന്ന നിർമ്മാണം എന്നിവ സംബന്ധമായ ഫീൽഡ് സന്ദർശനങ്ങൾ നടത്തുന്നതിനും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജല വിതരണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സേവന നികുതി ഈടാക്കുന്നില്ല. പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി, സേവന ഉപനികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. പൊളിച്ചു മാറ്റപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് 25-09-2022 (5-ാം അജണ്ട), 06-10-2022, 10-11-2022 (3-ാം അജണ്ട), 06-01-2023 (5-ാം അജണ്ട) തീയതികളിലെ ഭരണ സമിതി യോഗം തീരുമാനിച്ചു. പിന്നീട് അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ട്. തറ വിസ്തീർണ്ണം വർദ്ധിപ്പിച്ചതും കൂട്ടിച്ചേർക്കപ്പെട്ടതുമായ കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിക്കുന്ന കാര്യം 06-06-2022-ലെ 3-ാം നമ്പർ തീരുമാനത്തിലൂടെ നിശ്ചയിച്ചു. എന്നാൽ ഇത് സംബന്ധിച്ച ഫീൽഡ് തല പരിശോധന നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. സ.ഉ.(കൈ)നം.179/2022/ധന. ഉത്തരവ് പ്രകാരം റവന്യൂ പിരിവ് 90% എന്ന ലക്ഷ്യം കൈവരിക്കാതിരുന്നതിനാൽ വികസന ഫണ്ടായി (പൊതു വിഭാഗം) അനുവദിച്ച തുകയുടെ 1% കുറവ് വന്നു. 10-11-2022ലെ നാലാം നമ്പർ അജണ്ടയായി പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ₹1,08,970/-യാണ് 2022-23 വർഷം ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ നഷ്ടമായത്. ദൈനംദിന ചെലവുകൾക്ക് പോലും സർക്കാരിൽ നിന്നുള്ള വിടവ് നികത്തൽ ഫണ്ടിനെ ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് തങ്ങളുടെ കൃത്യവിലോപം മൂലം ഗ്രാന്റിനത്തിൽ ഗണ്യമായ തുക നഷ്ടപ്പെടുത്തിയ നടപടി ഒട്ടും തന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല.

ഗ്രാമപഞ്ചായത്തിലെ 2013-14 മുതൽ 2022-23 വരെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 6/14-07-23) മറുപടി ഹാജരാക്കി. 2021-22 വർഷം വരെയുള്ള കുടിശ്ശികയിനത്തിൽ ₹8,65,791/-ഉം 2022-23 വർഷം ₹98,462/-ഉം ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>വസ്തു നികുതി കുടിശ്ശിക (സഞ്ചയ പ്രകാരം)</u>

| വസ്തു നികുതി തരം | നികുതി ₹ | | |
|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം (തൻ വർഷം) | 1102128 | 1068993 | 21206 |
| പാർപ്പിടം (കുടിശ്ശിക) | 186975 | 11398 | 175680 |
| പാർപ്പിടേതരം (തൻ വർഷം) | 735002 | 656397 | 76260 |
| പാർപ്പിടേതരം (കുടിശ്ശിക) | 645836 | 3520 | 642318 |

01-04-2023 മുതൽ വസ്തു നികുതി 5% വർദ്ധിപ്പിച്ച് സഞ്ചയയിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. 31-03-2023 വരെ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് 5% വർദ്ധനവ് വരുത്തിയുള്ള പുതുക്കിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. തദ്ദേശ സ്വയം ഭരണ(ആർ.സി.) വകുപ്പിന്റെ 22-03-2023ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു

നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം ഓരോ കെട്ടിടത്തിന്റെയും തരം അനുസരിച്ചുള്ള പുതുക്കിയ വസ്തു നികുതി നിരക്ക് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. സർവ്വേ നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ച് നാല് വ്യക്തികളെ തെരഞ്ഞെടുത്തിട്ടുമുണ്ട്. എന്നാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള നികുതി രേഖപ്പെടുത്തുവാനുള്ള ഓപ്ഷൻ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടില്ല. ആയതിനാൽ പുതുക്കിയ വസ്തു നിരക്ക് സംബന്ധമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സർവ്വേ നടപടികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിൽ ചെയ്യുന്നവർ, അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്ങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ എന്നിങ്ങനെ ഉള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് പര്യാപ്തമായ നടപടികളായിട്ടില്ല. ഇത്തരത്തിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റ ബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും സർക്കാർ അനുവാദത്തോടെ തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിനോദ നികുതി

പ്രകൃതി രമണീയമായതും വിനോദ സഞ്ചാരത്തിന് ഏറെ പ്രാധാന്യമുള്ളതുമായ വിവിധ പ്രദേശങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രൊജക്ടിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ ഈ പ്രദേശങ്ങളിൽ സിനിമാ ഷൂട്ടിങ്ങ് പോലുള്ള കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിലും അതിൽ നിന്നും വരുമാനം പഞ്ചായത്തിന് ലഭിക്കുന്നില്ല. വിനോദ സഞ്ചാരത്തിലധിഷ്ഠിതമായി വരുമാനമുണ്ടാക്കാവുന്ന വികസന പ്രവർത്തനങ്ങൾ നടത്തി വരുമാനം വർദ്ധിപ്പിക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. വിനോദ സഞ്ചാര മേഖലയിലെ സാധ്യതകൾ പരമാവധി ചൂഷണം ചെയ്യാൻ പര്യാപ്തമായ രീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരുമാന ശോഷണത്തിന് പരിഹാരം തേടേണ്ടതാണ്.

1-11 ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ

2022-23 വർഷം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ III/114 നമ്പർ മുറി ശ്രീ. മോഹൻകുമാർ, പുത്തൻപുരക്കൽ, കാഞ്ഞാർ എന്ന വ്യക്തിയ്ക്ക് പ്രതിമാസം ₹3,892/- + GST നിരക്കിൽ വാടകയ്ക്ക് നൽകിയിരുന്നു. 2022 ഡിസംബർ മാസത്തിന് ശേഷമുള്ള വാടകയിൽ കുടിശ്ശിക വരുത്തിയതിനാൽ സെക്രട്ടറിയുടെ 31-03-2023ലെ എ1/01/23 നമ്പർ ഉത്തരവ് പ്രകാരം, ടിയാൻ ഹാജരാക്കിയിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്നും (₹50,000/-) ജനുവരി മുതൽ മാർച്ച് വരെയുള്ള വാടക, ജി.എസ്.ടി, പിഴ പലിശ എന്നിവയുൾപ്പടെ ₹13,893/- ഈടാക്കുകയും തുടർന്നുള്ള സാമ്പത്തിക വർഷം ടിയാന് മുറി വാടകയ്ക്ക് ആവശ്യമുള്ളപക്ഷം പ്രസ്തുത തുക (₹13,893/-) സെക്യൂരിറ്റി നിക്ഷേപത്തിൽ ക്രമീകരിച്ചശേഷം അനുവദിക്കുന്നതിന് നിശ്ചയിക്കുകയും ചെയ്തു. എന്നാൽ ഈ തുക ഡെപ്പോസിറ്റിൽ പുനഃക്രമീകരിക്കാതെ തന്നെ അടുത്ത സാമ്പത്തിക വർഷവും കടമുറി അതേ വ്യക്തിക്ക് വാടകയ്ക്ക് നല്കി. സെക്യൂരിറ്റി തുക നിശ്ചിത അനുപാതത്തിൽ സ്വീകരിച്ച് സൂക്ഷിക്കേണ്ടത് നിയമപരമായ ബാധ്യതയായിരിക്കെ അത് ഈടാക്കാതെ കുത്തകക്കാരനെ തുടരാൻ അനുവദിച്ചത് ക്രമപ്രകാരമുള്ള നടപടിയല്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 1/12-07-2023) സമർപ്പിച്ച മറുപടിയിൽ, ടി വ്യക്തി 2023 ഒക്ടോബർ മാസം മുറി ഒഴിയുന്നതിനാലാണ് ക്രമീകരണം നടത്താതിരുന്നതെന്ന് സെക്രട്ടറി

വിശദീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ടിന് ബാധ്യതയുണ്ടാകാതെ മുറി നിശ്ചിത സമയത്തിനുള്ളിൽ ഒഴിയുന്നുവെന്ന് ഉറപ്പ് വരുത്തി പുനർ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

### 1-12 വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ വെള്ളക്കരം ഡിമാന്റിൽ കുറവ് ചെയ്യാതെ തുടർന്നും കുടിശ്ശികയായി ഉൾപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | 42/23, വാട്ടർ ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിയ്ക്കുള്ള തുക അടയ്ക്കൽ |
| അടങ്കൽ | ₹435400 /- |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | ₹435338/- |

2022-23 വർഷം മേൽ പദ്ധതി പ്രകാരം ₹4,35,338/- കുടിവെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഒടുക്ക് വരുത്തിയ തുക ഡിമാന്റിൽ ക്രമീകരിക്കാതെ അത് ഉൾപ്പെടെ കുടിശികയായി പരിഗണിച്ച് പിഴ ഉൾപ്പെടെയുള്ള തുകയാണ് അടുത്ത ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്തി നൽകുന്നത്. ഒടുക്ക് തുക ക്രമീകരിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് പലതവണ കത്തുകൾ നൽകിയെങ്കിലും നാളിതുവരെ പൂർണ്ണമായി ക്രമീകരിക്കാൻ സാധിച്ചിട്ടില്ല. 20/03/2023-ലെ 72574 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ₹65,05,191/- ഒടുക്കാൻ അവശേഷിക്കുന്നു. ഈ വിഷയത്തിലെ തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികൾക്ക് ചെലവഴിച്ച തുകകൾ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | പദ്ധതി വിവരം. | ബിൽ നമ്പർ/വൗച്ചർ നം. | തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നം. 4/23 | 22100152002300669566/ തീ. 18.10.22 | 150000 | മരുന്ന് ലഭിച്ചതിന്റെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കി. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല |
| 2 | ഐ.കെ.എം വിഹിതം നൽകൽ പ്രോജക്ട് നമ്പർ 38/23 ഇൻഫർമേഷൻ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർക്ക് നൽകിയത് | 22100152002300535532/ തീ. 14.09.2022 | 40693 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 3 | പാച്ചേരിൽ ഭാഗം ബോർവെൽ നിർമ്മാണം 12/23 | XVFC/2022-23/p/66/ തീ. 31.03.2023 | 81234 | - ടി - |
| | | ആകെ | 271927 | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മൂന്ന് പദ്ധതികളിലുമായി ആകെ ചെലവഴിച്ച ₹2,71,927/- തടസ്സപ്പെടുത്തുന്നു.

### 1-14 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അധിക സബ്സിഡി അനുവദിച്ചത് നിരാകരിക്കുന്നു - ₹4,885/-

| പ്രോജക്ട് നം. | 109/23 – പാൽ അളക്കുന്ന ക്ഷീര കർഷകന്റെ പാലിന് ധനസഹായം | | | |
|---|---|---|---|---|
| ഫണ്ട് | (വികസന ഫണ്ട്-പൊതുവിഭാഗം) (₹) | (ബ്ലോക്ക് പഞ്ചായത്ത്) (₹) | (ജില്ലാപഞ്ചായത്ത്) (₹) | ആകെ (₹) |
| അടങ്കൽ | 350000 | 1500000 | 1700000 | 3550000 |
| ചെലവ് | 80294 | 158564 | 338863 | 577718 |

നിർവ്വഹണ ഉദ്യോഗസ്ഥൻ – ക്ഷീര വികസന ഓഫീസർ

| ഗുണഭോക്താ | ബാങ്ക് അക്കൗണ്ട് | യു.റ്റി.ആർ. | സബ് | ബിൽ നം. | തീയതി | തുക ₹ |
|---|---|---|---|---|---|---|

| വിന്റെ പേര് | | നം. | സിഡി തുക ₹ | | | |
|---|---|---|---|---|---|---|
| ചിപ്പി സോമൻ | 822053000002554 | RBI0832368365248 | 6780 | 122100152001101525274 | 28.03.23 | 19443 |
| | | RBI0832368365296 | 6785 | 22100152001101525227 | 28.03.23 | 19578 |
| | | RBI0832368365332 | 5250 | 22100152001101402882 | 18.03.23 | 31062 |
| | | RBI0822366765297 | 4158 | 22100152001101402880 | 18.03.23 | 38166 |
| | | RBI0892379426868 | 3129 | 22100152001101402879 | 18.03.23 | 46285 |
| | | RBI0892379426924 | 3420 | 22100152001101402876 | 18.03.23 | 25522 |
| | | RBI0892379540573 | 7778 | 22100152001101505440 | 27.03.23 | 121283 |
| | | RBI0892379540601 | 7585 | 22100152001101505449 | 27.03.23 | 118612 |
| | | ആകെ | 44885 | | | |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ.(എം.എസ്.)115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3.9-ൽ പറയുന്ന വ്യവസ്ഥകൾ പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ₹3/- തോതിൽ കണക്കാക്കി പരമാവധി ₹40,000/- മാത്രമാണ് ഒരു കർഷകന് അനുവദിക്കാവുന്നത് എന്നിരിക്കെ മേൽ പദ്ധതി വഴി ഒരു ഗുണഭോക്താവിന് സബ്സിഡി പരിധിയിൽ അധികമായി തുക അനുവദിച്ചിരിക്കുന്നതായി കാണുന്നു. ക്രമവിരുദ്ധമായി അനുവദിച്ച അധിക സബ്സിഡി തുക ₹4,885/- തിരികെ ഈടാക്കേണ്ടതാണ്.

## 1-15 പ്രോജക്റ്റ് നം.62/2023 - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

Bill No.22100152000701286972 Dt.03.03.2023 പ്രകാരം 30 ഗുണഭോക്താക്കൾക്കായി ₹3,75,000/- (ഒരാൾക്ക് ₹12,500/-) മൃഗ സംരക്ഷണ വകുപ്പ്, ഐ.സി.ഡി.പി., കട്ടപ്പന അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിരിക്കുന്നു. കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 2023 ഏപ്രിൽ മാസത്തെ കാലിത്തീറ്റ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. കൃത്യമായ മോണിട്ടറിംഗ് സമ്പ്രദായത്തിലൂടെ പദ്ധതി തടസ്സം കൂടാതെ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ആരോഗ്യ സ്ഥാപനങ്ങൾക്ക് രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ - കുടുംബാരോഗ്യ കേന്ദ്രം ലാബിലേക്ക് റഫ്രിജറേറ്റർ വാങ്ങൽ - നടപടി ക്രമം പാലിച്ചില്ല

പി.എച്ച്.സി, മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് (നം. എസ്.138/2023) (ഹെൽത്ത് ഗ്രാന്റ് സ്കീം – 3) പ്രകാരം ഒരു 258 ലിറ്റർ റെഫ്രിജറേറ്റർ ക്വട്ടേഷൻ മുഖേന നെല്ലൂർ ഹോം ഷോപ്പ്, തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട് (ചെലവ് തുക ₹29,300/- 31.03.2023ലെ വൗച്ചർ നമ്പർ 22200828/G060407).

റീ ഏജന്റ് റഫ്രിജറേറ്റർ വാങ്ങുന്നതിന് M/s. Biolinx India എന്ന സ്ഥാപനത്തിന്റെ 03.08.2023 വരെ കാലാവധിയുള്ള റണ്ണിങ് കോൺട്രാക്റ്റ് നിലവിലുള്ളപ്പോൾ പ്രത്യേക കാരണമൊന്നും കൂടാതെ ക്വട്ടേഷൻ മുഖേന പ്രാദേശിക വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമാണ്. റീ ഏജന്റുകൾ സൂക്ഷിക്കുന്നതിനായി പ്രത്യേക സ്പെസിഫിക്കേഷനുള്ള റഫ്രിജറേറ്ററുകൾ ആവശ്യമായിരിക്കെ, ഗാർഹിക ഉപയോഗത്തിനുള്ള റഫ്രിജറേറ്റർ വാങ്ങിയത് ഈ ആവശ്യത്തിന് എത്രത്തോളം ഉപയുക്തമാണ് എന്നും വ്യക്തമല്ല. റണ്ണിങ് കോൺട്രാക്റ്റ് സ്ഥാപനത്തെയും 'GEM' പോർട്ടലിനെയും ഒഴിവാക്കി പ്രസ്തുത വാങ്ങൽ നടത്താനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ₹29,300/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 പാലിയേറ്റിവ് കെയർ- ക്വട്ടേഷൻ വഴി വാഹനം തെരഞ്ഞെടുത്തു - വിശദാംശം ലഭ്യമല്ല

2022-23 വർഷത്തെ പാലിയേറ്റീവ് കെയർ പ്രോജക്ടിന് വേണ്ടി വാഹനം ലഭ്യമാക്കുന്നതിന് 15.03.2022ൽ ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം 5 ക്വട്ടേഷനുകൾ ലഭിച്ചു. ഏറ്റവും കുറഞ്ഞ നിരക്കായ ₹790/- ക്വോട്ട് ചെയ്ത ശ്രീ. കെ. എം. സാബുവിന്റെ ക്വട്ടേഷൻ പരിഗണിക്കാതെ ₹950/- ക്വോട്ട് ചെയ്ത ശ്രീ. കെ. കെ. ഇസ്മായിലിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായും ടി ആളുമായി

ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ മുതൽ മൂന്ന് മാസത്തെ വാഹന വാടക നൽകിയതായും കാണുന്നു. പിന്നീട് കാരണമൊന്നും രേഖപ്പെടുത്താതെ ശ്രീ. ഇസ്മായിൽ ടി കരാറിൽ നിന്ന് പിൻവാങ്ങുകയും മേയ് മാസത്തിൽ പുതിയ ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ശ്രീ. കെ. എം. സാബു തന്നെ വീണ്ടും സമർപ്പിച്ച ₹790/-ന്റെ ക്വട്ടേഷൻ അംഗീകരിച്ച് 13.06.2022ന് കരാറിൽ ഏർപ്പെടുകയും ടി തീയതി മുതൽ സാബുവിന്റെ വാഹനം ഉപയോഗിച്ചിട്ടുള്ളതായും കാണുന്നു. കുറഞ്ഞ നിരക്ക് അവഗണിച്ച് ക്വട്ടേഷൻ അംഗീകരിക്കാനിടയായതിന്റെയും പിന്നീട് തക്കതായ കാരണം രേഖപ്പെടുത്താതെ കരാറിൽ നിന്നും പിൻവാങ്ങാനിടയായതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അധികമായി അനുവദിച്ച ധനസഹായം നിരാകരിക്കുന്നു - ₹4,885/-

ഒരു ക്ഷീര കർഷകന്, ഒരു സാമ്പത്തിക വർഷം നൽകാവുന്ന പരമാവധി സബ്സിഡി തുകയിൽ അധികമായി ₹4,885/- നൽകിയത് മൂലം പ്രസ്തുത തുക പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഖണ്ഡിക 1-14ൽ ചേർത്തിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. നഷ്ടമായ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് വിവരം ഖണ്ഡിക 4-9(ബി)-യിൽ ചേർത്തിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | ജില്ലാ പഞ്ചായത്ത് ₹ | ബ്ലോക്ക് പഞ്ചായത്ത് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ | 2022-23 | - | 249102 | 249102 | 0 |
| ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 2022-23 | 64600 | 183500 | 248100 | 0 |
| ലൈഫ് ഭവനപദ്ധതി എസ്.സി.പി | 2022-23 | 393784 | 351216 | 745000 | 0 |
| ക്ഷീരസംഘത്തിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് ധനസഹായം | 2022-23 | 338863 | 158564 | 497427 | 0 |
| ലൈഫ് ഭവന പദ്ധതി റ്റി.എസ്.പി | 2022-23 | - | 152208 | 152208 | 0 |
| സുവർണ്ണ ഭവനം | 2022-23 | 400000 | | 400000 | 0 |
| ആകെ | | 1197247 | 1094590 | 2291837 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ഭൂജല വകുപ്പ് ഇടുക്കി ജില്ലാ കാര്യാലയം, തൊടുപുഴ | പാച്ചേരിൽ ഭാഗം കുഴൽകിണർ നിർമ്മാണം | 42100796/ 31-3-2023 | 81234 | 0 | 81234 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല -

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | 357647/ഡി.വി/ ത.സ്വ.ഭ.വ 1/15/ തീ. 14.01.2016 | 5200000 | 2070414 | 520000 | 1550414 |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ തുക | ജി.ഒ(എം.എസ്) ത.സ്വ.ഭ.വ/111/2018 തീ. 13.08.2018 | 21920000 | 16584000 | 2149876 | 14434124 |

4-5 സ്ഥിര നിക്ഷേപം

– ഇല്ല -

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹138/- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2000-01 | 23 | 138 | ശ്രീ. രാജീവ് ഇ. ജി. ക്ലർക്ക് | 1220102182/06-02-2023 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്നതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1999-2000 | 2002-03 | VII-6-4 | തൊഴിലില്ലായ്മ വേതനം പിൻവലിച്ചത് ₹11,800/- | തുടരുന്നു |
| 2 | 2000-01 | 2003-04 | 31 | ഹാൾ നിർമ്മാണത്തിന് അധിക തുക നൽകി | തുടരുന്നു |
| 3 | 2000-01 | 2003-04 | 3-7 | വാട്ടർ അതോറിറ്റി-നിക്ഷേപ പ്രോജക്ട് പൂർത്തീകരിച്ചില്ല | - |
| 4 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-8 | ലഘു അവലോകനം- തുടർ സാക്ഷരത | തുടരുന്നു |
| 5 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-4 | ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 6 | 2014-15 | 2015-16 | 2-1 | വസ്തുനികുതി അപാകതകൾ | തുടരുന്നു |
| 7 | 2019-20 | 2020-21 | 67 അദ്ധ്യായം -2 അനുബന്ധം-2 ക്രമ നം. 8 | മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ | തുടരുന്നു |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 1997-98 | 21 (1) | ശ്രീ. എ. സൈനുദ്ദീൻ സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ. 23.07.2001 | 383 | | | | | | 383 | |

(ബി) സർചാർജ് വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങൾ ₹ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 1997-98 | 22 | ശ്രീ. എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ. 23.07.2001 | 50 | | 50 | | | 50 | - | |
| 2 | 1997-98 | 23(1) | ശ്രീമതി. ജാനമ്മ ശിവരാമൻ സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ. 23.07.2001 | 105 | | 105 | | | 105 | | |
| 3 | 1997-98 | 23(2) | ശ്രീ. എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ. 23.07.2001 | 216 | | | | | 216 | | |
| 4 | 1997-98 | 24 | ശ്രീ എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ. 23.07.2001 | 100 | | | | | 100 | | |
| 5 | 1997-98 | 27 | ശ്രീ എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ. 23.07.2001 | 798 | | | | | 798 | | |
| 6 | 1997-98 | 28 | ശ്രീ എ. സൈനുലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ. 23.07.2001 | 40 | | | | | 40 | | |
| 7 | 1999-00 | 25 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ. 10.07.2003 | 13720 | | | | | 13720 | | |
| 8 | 1999-00 | 27 | ശ്രീ. റ്റി കെ. | എൽ.എഫ്.8500/ | 13720 | | | | | 13720 | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഹരിലാൽ, സെക്രട്ടറി | എസ്.സി.2/03 തീ. 10.07.2003 | | | | | | | | |
| 9 | 1999-00 | 28 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ. 10.07.2003 | 4985 | | | | | 4985 | | |
| 10 | 1999-00 | 29(a) | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ. 10.07.2003 | 3000 | | | | | 3000 | | |
| 11 | 1999-00 | 29(b) | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ. 10.07.03 | 8540 | | | | | 8540 | | |
| 12 | 1999-00 | 31 | ശ്രീ. റ്റി.കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ. 10.07.03 | 5000 | | | | | 5000 | | |
| 13 | 1999-00 | 36 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ. 10.07.03 | 8366 | | | | | 8366 | | |
| 14 | 1999-00 | 38 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ. 10.07.03 | 11800 | | | | | 11800 | | |
| 15 | 2000-01 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്. 9479/05 തീ. 04.04.06 | 68962 | | | | | 68962 | | |
| 16 | 2000-01 | 32 | ജി. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി | എൽ.എഫ്. 9479/05 തീ. 26.08.06 | 17431 | | | | | 17431 | | |
| 17 | 2002-03 | 2-3 | ജി. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി | എൽ.എഫ്.22205/ സ്പെ.സെൽ. എസ്.സി.2/05 തീ. 10.10.06 | 7575 | | | | | 7575 | | |
| 18 | 2004-05 | 3-6, 3-7 | റ്റി. ഐ. കൃഷ്ണൻ, എ. ഇ. | എൽ.എഫ്.20493/ സ്പെ.സെൽ എസ്.സി.2/07 തീ. 10.12.09 | 7600 | | | | | 7600 | | |
| 19 | 2004-05 | 3-7, 3-8 | എൽസി തോമസ് എ. ഇ. | എൽ.എഫ്.20498/ സ്പെ.സെൽ. എസ്.സി.2/07 തീ. 02.11.2009 | 5684 | | | | | 5684 | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹10069382 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹17693272 |
| ആകെ | ₹27762654 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹19402949 |
| നീക്കിയിരിപ്പ് | ₹8359705 |

*(കുറിപ്പ് – പഞ്ചായത്തിന്റെ 2022-23 റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയുള്ള*

*വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)*

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹4885 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹301227 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4885 | ശ്രീ. എം. പി. സുധീഷ്, ക്ഷീര വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 271927 | ശ്രീ. പി. ജി. ഉണ്ണികൃഷ്ണ പിള്ള<br>സെക്രട്ടറി |
| 1-16 | 29300 | ഡോ. ബോധി കെ.<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 301227 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ബോധി കെ.<br>മെഡിക്കൽ ഓഫീസർ<br>പി. എച്ച്. സി | മെഡിക്കൽ ഓഫീസർ<br>മൊബൈൽ മെഡിക്കൽ യൂണിറ്റ്<br>മൂലമറ്റം | വാഴേയിൽമലയിൽ വീട്<br>രാജമുടി പി. ഒ.<br>തോപ്രാംകുടി<br>ഇടുക്കി |
| ശ്രീ. പി. ജി. ഉണ്ണികൃഷ്ണ പിള്ള<br>സെക്രട്ടറി | - | പനക്കാട്ട് വീട്<br>കോയിക്കൽ മുറി<br>ഈസ്റ്റ് കല്ലട പി. ഒ.<br>കൊല്ലം |
| ശ്രീ. എം. പി. സുധീഷ്<br>ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ<br>ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | മുഴിക്കൽ വീട്<br>തൊടുപുഴ ഈസ്റ്റ് പി. ഒ.<br>തൊടുപുഴ – 685585 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96 | എൽ.എഫ്.ഐ.6/247/98/5.10.98 | 22 | 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15,16, 17, 18, 19, 20, 21, 22, 23, 24 |
| 1996-97 | എൽ.എഫ്.ഐ.7/529/99/3.03.2000 | 8 | 28,30,32,34,35,36,37,38 |
| 1997-98 | എൽ.എഫ്.ഐ. 7/71/2001/30.01.2001 | 14 | 12, 13, 14, 21(1), 21(2), 22, 23(1),23(2),24, 25,26, 27, 28, 30(1) |
| 1998-99 | എൽ.എഫ്.ഐ. 7/215/2000/1.8.2000 | 27 | 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12,13,14, 15, 16,17, 18, 19, 20, 21, 22, 23, 24, 25, 26, 27 |
| 1999-2000 | എൽ.എഫ്.ഐ.7/241/2003/29.03.03 | 23 | 9, 13, 14, 19, 20, 21, 22, 23, 24, 25,26, 27, 28,29, 30, 31, 32, 33,34, 35, 36, 37, 38 |
| 2000-01 | എൽ.എഫ്.ഐ.7/734/02/22.04.2005 | 22 | 10, 11, 14, 15, 16, 19, 20, 21, 22, 23, 24, 25, 26,27, 28, 29, 30, 31, 32, 33, 34, 35 |
| 2001-02 | എൽ.എഫ്.ഐ.7/141/04/23.09.05 | 10 | 1, 2, 3, 4, 5, 6, 7, 8, 9, 10 |
| 2002-03 | എൽ.എഫ്.ഐ.7/348/2005/01.12.05 | 6 | 2-1, 2-2, 2-3, 3-2, 3-3, 4-9 |
| 2003-04 | എൽ.എഫ്.ഐ.8/113/08/26.04.08 | 9 | 2-1, 2-3, 2-4, 3-1, 3-2, 3-3, 3-5, 3-6,3-7 |
| 2004-05 | എൽ.എഫ്.ഐ.8/524/2007/26.06.2008 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2005-06 | എൽ.എഫ്.ഐ.8/80/2009/22.04.09 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2007-08 | എൽ.എഫ്.ഐ.10/398/12/22.06.12 | 1 | 3-10 |
| 2010-11 & 2011-12 | കെ.എസ്.എ.ഐഡി.കെ.10/ 1106/13/06.06.14 | 1 | 3-7 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.10/ 461/18/25.04.18 | 1 | 3-13 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/ 990/17/28.09.17 | 2 | 3-1, 3-11 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-10/1334/ 2018/20.12.18 | 5 | 2-1, 2-2, 3-1, 3-2, 3-3 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-6/590/2019/ 04.09.2021 | 2 | 2-3,3-5 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-10/534/ 21/30.06.2021 | 12 | 1-9, 1-14, 1-15, 1-16, 1-18, 1-19, 1-23, 1-25, 1-27, 2-1, 4-8, 4-9 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-10/1053/ 22/30.07.2022 | 13 | 1-9 മുതൽ 1-21 വരെ |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.4-1517/2022/ 04-01-2023 | 36 | 1-1 മുതൽ 1-25 വരെ<br>4-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kudayathoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kudayathoor Grama Panchayat for the year 2022-2023

Date: 17/10/2023

Deputy Director
District Office Idukki
Kerala State Audit Department

### Audit Report appended to the Audit Certificate of Kudayathoor Grama Panchayat for the Year 2022-2023.

**1.Major Observations**

1. All Mandatory financial statements prescribed in accounting rules are not submitted for audit.
2. Non-disclosure of Assets. Asset Register is not comprehensive and upto date.

**2.Other Observations**

1) Demand registers does not match with Financial Statement.
2) Registers are not maintained or does not match with accounts.
3) Lack of authenticated journal vouchers for supporting the adjustment entries recorded in - prior period items -.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്